പത്രക്കുറിപ്പ്
13-3-2018

## 'ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി' പദ്ധതി വളരുന്നു:
## **കുടുംബശ്രീയുടെ കീഴിൽ പച്ചക്കറി സ്വയംപര്യാപ്തത നേടിയ ഇരുപത് ലക്ഷം ഭക്ഷ്യസുരക്ഷാ ഭവനങ്ങൾ**

തിരുവനന്തപുരം: ഇക്കഴിഞ്ഞ ചിങ്ങം ഒന്നിന് കുടുംബശ്രീ വിത്തു പാകിയ 'ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി' പദ്ധതിക്ക് മികച്ച വളർച്ച. പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്ത എന്ന ലക്ഷ്യം മുൻനിർത്തി കുടുംബശ്രീ സംസ്ഥാനത്ത് ആവിഷ്ക്കരിച്ച പദ്ധതി എല്ലാ ജില്ലകളിലും ഇതിനകം ശ്രദ്ധേയമായ വേരോട്ടം നേടിക്കഴിഞ്ഞു. അയൽക്കൂട്ട വനിതകൾ ഏറ്റെടുത്തു വിജയിപ്പിച്ച പദ്ധതിയിലൂടെ ഇരുപത് ലക്ഷം കുടുംബശ്രീ കുടുംബങ്ങളാണ് ഇപ്പോൾ പച്ചക്കറികൾ കൃഷി ചെയ്തു സ്വയംപര്യാപ്തത നേടിയത്.

കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെല്ലാം അവർക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉൽപാദിപ്പിക്കുന്നതിനും ആവശ്യക്കാരായ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനുമായി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. പദ്ധതിയിൽ അംഗമാകുന്ന ഏവർക്കും പരിശീലനം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി വാർഡുതലത്തിൽ അമ്പതു പേർക്കു വീതമാണ് പരിശീലനം നൽകുന്നത്. പരിശീലനം നടത്തുന്ന ദിവസം തന്നെ ഓരോ അംഗത്തിനും മികച്ച ഇനം പച്ചക്കറി വിത്തുകളും വിതരണം ചെയ്യും.

ഓരോ ഗ്രൂപ്പുകൾക്കും മാസ്റ്റർ കർഷകയും മാസ്റ്റർ കർഷക പരിശീലകരുടെ കൂട്ടായ്മയായ ജീവ-ടീമുമാണ് പരിശീലനം നൽകുന്നത്, മാസ്റ്റർ കർഷകയ്ക്ക് മാസ്റ്റർ കർഷക പരിശീലകരും പരിശീലനം നൽകുന്നു. ഗ്രൂപ്പുകൾക്ക് കുറഞ്ഞത് രണ്ട് മണിക്കൂർ പരിശീലനം നൽകും. കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത, പച്ചക്കറി കൃഷി പരിപാലനം, അടുക്കള മാലിന്യസംസ്ക്കരണവും ജൈവവള നിർമ്മാണവും തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം. ഒരംഗത്തിന് 20 രൂപയുടെ വിത്തുകളാണ് നൽകുന്നത്. കുടുംബശ്രീ യൂണിറ്റുകൾ, വിഎഫ്പിസികെ (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള), കേരള കാർഷിക സർവ്വകലാശാല, മറ്റ് സർക്കാർ സ്ഥാപ നങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഗുണമേയുള്ള വിത്തുകളാണിത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളുമായി സംയോജിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ. പദ്ധതിയ്ക്ക് കൂടുതൽ പ്രചാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പരിശീലനം കഴിഞ്ഞ് കൃഷി ആരംഭിക്കുന്ന ഓരോ അംഗത്തിന്റെയും വീടുകളിൽ 'കുടുംബശ്രീ ഭക്ഷ്യസുരക്ഷാ ഭവനം' എന്ന പേരിലുള്ള സ്റ്റിക്കർ പതിക്കും. ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കാനുള്ള ചുമതല മാസ്റ്റർകർഷകർക്കാണ്.

പദ്ധതിയുടെ ഭാഗമാകാൻ താൽപര്യമുള്ള അയൽക്കൂട്ട അംഗങ്ങളെ നാലു പേരുള്ള ഗ്രൂപ്പായി തിരിക്കും. പരിശീലനത്തിന് മുമ്പ് ഗ്രൂപ്പുകൾ സിഡിഎസിൽ പത്ത് രൂപ അടച്ച് രജിസ്ട്രർ ചെയ്യുകയും വേണം. ഓരോ സീസണിലും രജിസ്ട്രേഷൻ പുതുക്കണം. കുറഞ്ഞത് മൂന്നു സെന്റ് സ്ഥലത്തെങ്കിലും ഓരോ ഗ്രൂപ്പും ആകെ കൃഷി ചെയ്യണം. 25 സെന്റ് സ്ഥലത്ത് വരെ കൃഷി ചെയ്യാം. ഗ്രോബാഗ് കൃഷിയാണെങ്കിൽ ഗ്രൂപ്പിലെ ഒരംഗത്തിന് കുറഞ്ഞത് 20 ഗ്രോബാഗുകളെങ്കിലും വേണമെന്നതാണ് നിബന്ധന. ഓരോ അംഗവും അഞ്ച് ഇനം പച്ചക്കറികളെങ്കിലും സ്വന്തം വീട്ടിൽ കൃഷി ചെയ്യുകയും വേണം.

2017 ഓഗസ്റ്റ് 17 (കർഷക ദിനം കൂടിയായ ചിങ്ങം1) നാണ് കേരളത്തിലാകെ പദ്ധതി ആരംഭിച്ചത്. തുടക്കത്തിൽ ആറ് ലക്ഷം കുടുംബങ്ങളിൽ നിന്നുള്ള അയൽക്കൂട്ട അംഗങ്ങൾക്ക് പരിശീലനവും വിത്തും നൽകി. ഇത്തരത്തിൽ കൃഷി ആരംഭിച്ച കുടുംബങ്ങൾ പലവട്ടം വിളവെടുക്കുകയും ചെയ്തു. ഇപ്പോൾ ഇരുപതു ലക്ഷത്തിലേറെ കുടുംബങ്ങളിൽ പദ്ധതിയനുസരിച്ച് കൃഷി നടത്തുന്നു. പദ്ധതിക്ക് കീഴിൽ കൃഷി നടത്തി പ

ച്ചക്കറി ഉൽപാദിപ്പിക്കുന്ന കുടുംബങ്ങളെ ഭക്ഷ്യസുരക്ഷാ ഭവനങ്ങളായാണ് കണക്കാക്കുന്നത്. വയോജന അയൽക്കൂട്ട അംഗങ്ങളും ബഡ്സ്-മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളും ഈ പദ്ധതിയിൽ അംഗങ്ങളായി പലവിധ പച്ചക്കറികൾ കൃഷി ചെയ്യുന്നുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ